News Letter
31/1/2018

## കെ. സി. എസ്. എൽ പാലാ രൂപത വാർഷികവും
## എൽ. പി. വിഭാഗം പ്രവർത്തനോദ്ഘാടനവും
## പാലാ ളാലം സെന്റ് മേരീസ് പാരീഷ് ഹാൾ
## 2018 ഫെബ്രുവരി 7 ബുധൻ

മാന്യരേ,

പാലാ രൂപത കെ. സി. എസ്. എൽ വാർഷികാഘോഷവും പൊതുസമ്മേളനവും ഫെബ്രുവരി 7-ാം തീയതി ബുധനാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ ളാലം സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നു. കെ. സി. എസ്. എൽ രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം പാലാ രൂപത മുൻ അദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നതാണ്. കെ. സി. എസ്. എൽ സ്റ്റേറ്റ് ജനറൽ ഓർഗനൈസർ ശ്രീ സിറിയക് മാത്യു മുഖ്യ പ്രഭാഷണം നടത്തും. പാലാ രൂപത പ്രസിഡന്റ് ശ്രീമതി സാലി കെ. ജെ, രൂപത ജനറൽ ഓർഗനൈസർ ശ്രീ സോജൻ കെ. ജെ, സ്റ്റേറ്റ് എക്സിക്യൂട്ടീവംഗം ശ്രീമതി ആഷ്‌ലി ടെസ് ജോൺ, രൂപത ചെയർ പേഴ്സൺ ബെല്ലാ സണ്ണി തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിക്കും.

2017-18 പ്രവർത്തനവർഷം നടത്തിയ വിവിധ മത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്യും. വിവിധ സ്കൂളുകളിൽനിന്നുള്ള പ്രതിഭകളായ കുട്ടികളുടെ കലാവിരുന്ന് സമ്മേളനത്തെ മോടിപിടിപ്പിക്കും.

കെ. സി. എസ്. എൽ അടുത്ത അധ്യയനവർഷം മുതൽ എൽ. പി. വിഭാഗത്തിലും പ്രവർത്തനമാരംഭിക്കുന്നതിന്റെ ഉദ്ഘാടനവും പ്രസ്തുത സമ്മേളനത്തിൽവച്ച് ബിഷപ് പള്ളിക്കാപറമ്പിൽ നിർവഹിക്കും.

**യോഗാനന്തരം ആലപ്പുഴ കൃപാസനം പൗരാണിക രംഗകലാപീഠം അവതരിപ്പിക്കുന്ന നൃത്തസംഗീതചരിത്രചവിട്ടുനാടകം 'കാറൽസ്മാൻ' ഉണ്ടായിരിക്കും.**

വാർഷികാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനും ചവിട്ടുനാടകം എന്ന പൗരാണിക ക്രിസ്തീയകലാരൂപം കണ്ടാസ്വദിക്കുന്നതിനും എല്ലാവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

സാലി കെ. ജെ
പ്രസിഡന്റ്

ഫാ. കുര്യൻ തടത്തിൽ
ഡയറക്ടർ